# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 10.07.2025**

### പ്രധാനവാർത്തകൾ

1. പ്രകൃതിദുരന്തങ്ങൾ നേരിട്ട ആറ് സംസ്ഥാനങ്ങൾക്ക് 1,066 കോടിയിലധികം രൂപയുടെ ധനസഹായം അനുവദിച്ച് കേന്ദ്ര സർക്കാർ. കേരളത്തിന് 153 കോടി രൂപയുടെ സഹായം.

2. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നാളെ കേരളത്തിൽ എത്തും. തിരുവനന്തപുരത്തും കണ്ണൂരും സന്ദർശനം.

3. സംസ്ഥാനത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങൾ സെപ്റ്റംബർ വരെ ശക്തമായി തുടരാൻ ആരോഗ്യവകുപ്പിന്റെ നിർദേശം. പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കേന്ദ്രസംഘം പാലക്കാടും മലപ്പുറത്തും സന്ദർശനം തുടരുന്നു.

4. കീം പരീക്ഷാഫലം റദ്ദാക്കിയ സിംഗിൾ ബെഞ്ച് ഉത്തരവ് ഹൈക്കോടതി ശരിവച്ചു. റാങ്ക് ലിസ്റ്റ് റദ്ദാക്കിയ തീരുമാനത്തിൽ ഇടപെടാൻ ആകില്ലെന്നും കോടതി.

5. കായിക വിനോദങ്ങൾ കുട്ടികളെ ലഹരി ആസക്തി പോലുള്ള പ്രശ്നങ്ങളിൽ നിന്ന് സംരക്ഷിക്കുമെന്ന് കേന്ദ്ര സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ.

PNUTVPM

6. വയനാട് ടൗൺഷിപ്പ് പദ്ധതിക്കുള്ള ത്രികക്ഷി കരാറിന് സംസ്ഥാന മന്ത്രിസഭായോഗത്തിൻറെ അംഗീകാരം. കോട്ടയം മെഡിക്കൽ കോളേജ് അപകടത്തിൽ മരിച്ച ബിന്ദുൻറെ കുടുംബത്തിന് 10 ലക്ഷം രൂപ ധനസഹായം നൽകും.

*********************

## കേന്ദ്രസഹായം -വെള്ളപ്പൊക്കം

പ്രകൃതിദുരന്തങ്ങൾ നേരിട്ട കേരളം, അസം, മണിപ്പൂർ, മേഘാലയ,മിസോറം, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങൾക്ക് 1,066 കോടിയിലധികം രൂപയുടെ ധനസഹായം അനുവദിച്ച് കേന്ദ്ര സർക്കാർ. തെക്ക്-പടിഞ്ഞാറൻ മൺസൂണിൽ ഉണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഈ സംസ്ഥാനങ്ങളെ സാരമായി ബാധിച്ചെന്ന വിലയിരുത്തലിലാണ് തുക അനുവദിച്ചത്. കേരളത്തിന് 153.20 കോടി രൂപയാണ് ലഭിക്കുക. ദുരന്തബാധിത സംസ്ഥാനങ്ങൾക്ക് സാധ്യമായ എല്ലാ സഹായങ്ങളും നൽകാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

RNUTVPM

*********************

## അമിത്ഷാ -കേരളം

ബിജെപി മുതിർന്ന നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ നാളെ തിരുവനന്തപുരത്ത് എത്തും. മറ്റന്നാൾ ബിജെപിയുടെ പുതിയ സംസ്ഥാന കാര്യാലയം അദ്ദേഹം ഉദ്ഘാടനം ചെയ്യും. പുത്തരിക്കണ്ടം മൈതാനത്ത് തെക്കൻ ജില്ലകളിലെ ബൂത്ത് ലെവൽ നേതാക്കളെ അഭിസംബോധന ചെയ്യുന്ന അദ്ദേഹം, ബിജെപി സംസ്ഥാന നേതൃയോഗത്തിലും പങ്കെടുക്കും. കണ്ണൂർ തളിപ്പറമ്പിൽ ശ്രീ രാജരാജേശ്വര ക്ഷേത്രത്തിലും കേന്ദ്ര മന്ത്രി ദർശനം നടത്തും.

*********************

## കീം-ഹൈക്കോടതി

കീം പരീക്ഷാഫലം റദ്ദാക്കിയ സിംഗിൾ ബെഞ്ച് ഉത്തരവ് ഹൈക്കോടതി ശരിവച്ചു. ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ നൽകിയ ഹർജി തള്ളിയ കോടതി റാങ്ക് ലിസ്റ്റ് റദ്ദാക്കിയ തീരുമാനത്തിൽ ഇടപെടാൻ ആകില്ലെന്നും വ്യക്തമാക്കി. കോടതി വിധി അംഗീകരിക്കുന്നതായും സംസ്ഥാന സർക്കാർ അപ്പീൽ പോകില്ലെന്നും മന്ത്രി ആർ ബിന്ദു അറിയിച്ചു.

*********************

## നിപ

സംസ്ഥാനത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കേന്ദ്രസംഘം പാലക്കാടും മലപ്പുറത്തും സന്ദർശനം തുടരുന്നു. പൂനൈ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഐ.സി.എം.ആർ എന്നിവിടങ്ങളിൽ നിന്നുള്ള സംഘമാണ് പരിശോധന നടത്തുന്നത്. സെപ്റ്റംബർ മാസം വരെ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരാനാണ് ആരോഗ്യവകുപ്പിൻറെ നിർദ്ദേശം. അതേ സമയം മലപ്പുറത്ത് പുതിയ നിപ കേസുകൾ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ കണ്ടെയ്മെൻറ് സോണുകൾ ഒഴിവാക്കി. ജില്ലയിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ പൂർണ്ണമായും ഒഴിവാക്കിയതായും അധികൃതർ അറിയിച്ചു.

RNU TVPM

*********************

## നിഖിൽ ഖഡ്സെ (ഇൻട്രോ)

കായിക വിനോദങ്ങൾ കുട്ടികളെ ലഹരി ആസക്തി, മാനസികാരോഗ്യ പ്രശ്നങ്ങളിൽ തുടങ്ങിയവയിൽ നിന്ന് സംരക്ഷിക്കുമെന്ന് കേന്ദ്ര യുവജനകാര്യ - കായിക സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ. തിരുവനന്തപുരം കാര്യവട്ടം സായി - LNCPE യിലെ പുതിയ മെഡിക്കൽ സെന്ററിൻ്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

(വോയിസ്)

മികച്ച കായികതാരങ്ങൾ, പരിശീലകർ, എന്നിവരെ ചടങ്ങിൽ ആദരിച്ചു. തിരുവനന്തപുരത്തെ ഗോൾഫ് ക്ലബും ശ്രീമതി രക്ഷാ നിഖിൽ ഖഡ്സെ സന്ദർശിച്ചു.

*********************

## മന്ത്രിസഭായോഗം

കോട്ടയം മെഡിക്കൽ കോളേജ് കെട്ടിടത്തിലെ ഒരു ഭാഗം ഇടിഞ്ഞുവീണ് മരിച്ച ബിന്ദു വിശ്രുതൻറെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 10 ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. ബിന്ദുവിൻറെ മകൻ നവനീതിന് ഉചിതമായ ജോലി നൽകാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് ശുപാർശ ചെയ്യും. വയനാട് ടൗൺഷിപ്പ് പദ്ധതി നടത്തിപ്പിനായുള്ള ത്രികക്ഷി കരാറും മന്ത്രിസഭായോഗം അംഗീകരിച്ചു. കരാർ നടപ്പാക്കുന്നതിന് സ്പെഷ്യൽ ഓഫീസറായി എസ് സുഹാസിനെ ചുമതലപ്പെടുത്തി. പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആസ്ഥാനമാക്കി ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

RNU/TVPM

*********************

## കാട്ടുപന്നി- നടപടി

ജനവാസമേഖലകളിലിറങ്ങി നാശനഷ്ടങ്ങളുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ചോ അനുവദനീയമായ മറ്റ് മാർഗ്ഗങ്ങളിലൂടെയോ ഇല്ലായ്മ ചെയ്യുന്നതിനുള്ള സർക്കാർ ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികൾക്ക് സർക്കാർ നിർദ്ദേശം നൽകി. കാട്ടുപന്നികൾ മൂലം അപടകങ്ങളും കൃഷിനാശവും സംഭവിക്കുന്നതായി നിരവധി പരാതികൾ ലഭിച്ച പശ്ചാത്തലത്തിലാണ് നിർദേശം.

*********************

## കെ. കൃഷ്ണൻകുട്ടി

പാലക്കാട്, മുല്ലക്കര ഉന്നതിയിലെ എല്ലാ വീടുകളിലും

ഈ മാസം 27-നകം വൈദ്യുതി എത്തിക്കുമെന്ന് മന്ത്രി കെ.കൃഷ്ണൻകുട്ടി. കുടിശ്ശികയെ തുടർന്ന് 20 കുടുംബങ്ങളുടെ വൈദ്യുതി വിച്ഛേദിക്കപ്പെട്ട സാഹചര്യത്തിൽ ഉന്നതി സന്ദർശിച്ച ശേഷമാണ് മന്ത്രിയുടെ പ്രഖ്യാപനം. വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനും പുതിയ കണക്ഷൻ നൽകുന്നതിനുമായി 5.57 ലക്ഷം രൂപയുടെ ചെക്ക് മന്ത്രി കൈമാറി.

*********************

## പത്തനംതിട്ട ക്വാറി

പത്തനംതിട്ട പയ്യനാമൺ അപകടത്തിന്റെ പശ്ചാത്തലത്തിൽ ജില്ലയിലെ ക്വാറികളുടെ പ്രവർത്തനം സംയുക്ത ഉദ്യോഗസ്ഥ സംഘം പരിശോധിക്കും. തൊഴിലാളികൾക്ക് സുരക്ഷ ഒരുക്കുന്നതിൽ വീഴ്ച വരുത്തിയ ചെങ്കുളം പാറമട ഉടമയ്ക്കെതിരെ കേസെടുക്കാനും കോന്നി എംഎൽഎ ജനീഷ് കുമാർ വിളിച്ചു ചേർത്ത യോഗത്തിൽ തീരുമാനമായി.

PRD TVPM

*********************

## സി ടി സി ആർ ഐ - ഗവർണർ

തിരുവനന്തപുരം ശ്രീകാര്യത്തുള്ള കേന്ദ്ര കിഴങ്ങ് വർഗ ഗവേഷണ കേന്ദ്രത്തിന്റെ 62 -ാം സ്ഥാപിക ദിനാഘോഷങ്ങൾ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ നാളെ ഉദ്ഘാടനം ചെയ്യും. രാവിലെ 11 മണിക്ക് ICAR-CTCRI മിലേനിയം ഹാളിൽ നടക്കുന്ന പരിപാടിയിൽ വിവിധ ധാരണാപത്രങ്ങൾ കൈമാറും. കേന്ദ്ര കിഴങ്ങ് വർഗ ഗവേഷണ കേന്ദ്രത്തിന്റെ വളർച്ചയിൽ പങ്കാളികളായ ഉദ്യോഗസ്ഥരേയും കർഷകരേയും ചടങ്ങിൽ ആദരിക്കും.

*********************

## സുരേഷ് ഗോപി - സന്ദർശനം

സ്വച്ഛതാ വാരാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് നാളെ സംഘടിപ്പിക്കുന്ന പരിപാടി കേന്ദ്ര സഹമന്ത്രി സുരേഷ്

ഗോപി ഉദ്ഘാടനം ചെയ്യും. ഓൾ സെയിൻസ് കോളേജിൽ ഉച്ചയ്ക്ക് 12.30നാണ് പരിപാടി. വിദ്യാർത്ഥിനികൾക്ക് അദ്ദേഹം സ്വച്ഛതാ പ്രതിജ്ഞ ചൊല്ലി കൊടുക്കും. കോളേജ് ക്യാമ്പസിൽ കേന്ദ്രമന്ത്രി വൃക്ഷതൈ നടും. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ ശ്രീമൻ നാരായൺ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെ കുറിച്ച് സംസാരിക്കും.

*********************

## സ്വച്ഛത ഗ്രീൻലീഫ് റേറ്റിങ് (ഇൻട്രോ)

ആതിഥേയ സ്ഥാപനങ്ങളിൽ ശുചിത്വം ഉറപ്പാക്കാനുള്ള സ്വച്ഛത ഗ്രീൻലീഫ് റേറ്റിങ് ഇടുക്കി ജില്ലയിൽ രണ്ടാംഘട്ടത്തിലേക്ക്.

ആദ്യഘട്ടത്തിൽ 41 സ്ഥാപനങ്ങൾക്ക് റേറ്റിങ് ലഭിച്ചിരുന്നു. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

(വോയ്സ്)

*********************

## മാധ്യമ ശിൽപ്പശാല

RNU TVPM

പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിച്ച മാധ്യമ ശിൽപശാല കണ്ണൂർ തളിപ്പറമ്പിൽ നടന്നു. പിഐബി, കേരള-ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. വികസനോന്മുഖ പത്രപ്രവർത്തനത്തെയും വികസന ആശയവിനിമയത്തെയും പ്രോത്സാഹിപ്പിക്കുന്നതിൽ മാധ്യമങ്ങൾ പ്രധാന പങ്ക് വഹിക്കണമെന്ന് അദ്ദേഹം പറഞ്ഞു. പദ്മശ്രീ പുരസ്കാര ജേതാവ് ഇ.പി.നാരായണൻ പെരുവണ്ണാൻ, മുതിർന്ന മാധ്യമ പ്രവർത്തകനായ വി ബി പരമേശ്വരൻ എന്നിവരെ ആദരിച്ചു.

*********************

## മത്സ്യകർഷക അവാർഡ് (ഇൻട്രോ)

സംസ്ഥാന മത്സ്യകർഷക അവാർഡ്‌വിതരണം നാളെ വൈകിട്ട് കൊട്ടാരക്കരയിൽ നടക്കും. മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.
(വോയ്സ്)

********************

<u>നിമിഷപ്രിയ</u>

യെമനിൽ മലയാളി നഴ്സ് നിമിഷ പ്രിയയുടെ വധശിക്ഷ തടയണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതിയിൽ ഹർജി. 'സേവ് നിമിഷ പ്രിയ ആക്ഷൻ കൗൺസിൽ" എന്ന സംഘടനയാണ് ഹർജി നൽകിയിരിക്കുന്നത്. നയതന്ത്ര മാർഗങ്ങളിലൂടെ മോചനം ഉറപ്പാക്കണമെന്നാണ് ഹർജിയിലെ ആവശ്യം. ഈ മാസം 16 നാണ് വധശിക്ഷ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഹർജി 14 ന് കോടതി പരിഗണിക്കും. നിമിഷപ്രിയയുടെ മോചനത്തിൽ ഇടപെടൽ ആവശ്യപ്പെട്ട് ചാണ്ടി ഉമ്മൻ എം എൽ എ ഗവർണ്ണർക്ക് കത്ത് നൽകി.

RNUTVPM

********************

<u>ഹൈക്കോടതി- ജാമ്യം</u>

തിരുവനന്തപുരത്ത് ഐ ബി ഉദ്യോഗസ്ഥ ജീവനൊടുക്കിയ സംഭവത്തിൽ സുഹൃത്ത് സുകാന്ത് സുരേഷിന് ഹൈക്കോടതി ജാമ്യം അനുവദിച്ചു. കുറ്റാരോപിതൻ 44 ദിവസം കസ്റ്റഡിയിലായിരുന്നെന്ന് ചൂണ്ടികാട്ടിയാണ് ജാമ്യം. സുകാന്ത് സുരേഷ് വിവാഹവാഗ്ദാനം നൽകി ലൈംഗിക ചൂഷണം നടത്തിയതായും ഇതാണ് ആത്മഹത്യയിലേക്ക് നയിച്ചതെന്നും പ്രോസിക്യൂഷൻ വാദിച്ചു. എന്നാൽ അന്വേഷണത്തിൻറെ പ്രഥമ ലക്ഷ്യം പൂർത്തിയായതായും അതിനാൽ ജാമ്യം അനുവദിക്കുന്നതായും കോടതി ഉത്തരവിട്ടു.

********************

## എസ് എഫ് ഐ : രാജ്ഭവൻ മാർച്ച്

കേരള സർവ്വകലാശാലാ വൈസ് ചാൻസലറെ പുറത്താക്കണമെന്നാവശ്യപ്പെട്ട് എസ് എഫ് ഐ നടത്തിയ രാജ്ഭവൻ മാർച്ചിൽ സംഘർഷം. ബാരിക്കേഡ് മറികടക്കാൻ പ്രവർത്തകർ ശ്രമിച്ചതോടെയാണ് സംഘർഷമുണ്ടായത്. പ്രവർത്തകരെ പിരിച്ചുവിടാൻ പോലീസ് ഏഴ് തവണ ജലപീരങ്കി പ്രയോഗിച്ചു.

*********************

## ശബരിമല

ശബരിമല ക്ഷേത്രനട നാളെ തുറക്കും. പുതിയ നവഗ്രഹ ശ്രീകോവിലിൽ പ്രതിഷ്ഠയോടനുബന്ധിച്ചുള്ള പ്രത്യേക പൂജകൾ ഈമാസം 12 നും, 13ന് പ്രതിഷ്ഠാ കർമ്മവും നടക്കും. മാളികപ്പുറത്തിന് സമീപമാണ് പുതിയ നവഗ്രഹ ശ്രീകോവിൽ നിർമ്മിക്കുന്നത്.

*********************

****************

********

RNU TVPM